## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4889 14.11.2019-ല് മറുപടിക്ക്

### മുക്കം നീലേശ്വരം ഹയർസെക്കന്ററി സ്കൂളിൽ നടന്ന പരീക്ഷ ക്രമക്കേട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മുക്കം നീലേശ്വരം ഹയർസെക്കന്ററി സ്കൂളിൽ അദ്ധ്യാപകരുടെ സഹായത്തോടെ നടന്ന പരീക്ഷ ക്രമക്കേടിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) | മുക്കം നീലേശ്വരം ഹയർസെക്കന്ററി സ്കൂളിൽ നടന്ന പരീക്ഷ ക്രമക്കേടിനെക്കുറിച്ചുള്ള അന്വേഷണം അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സ് തിരുത്തിയത് ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അദ്ധ്യാപകനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് തിരുത്തിയ അധ്യാപകനെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അധ്യാപകനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം പരീക്ഷാ തട്ടിപ്പുകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | ഇത്തരം പരീക്ഷാത്തട്ടിപ്പുകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ ഹയർസെക്കന്ററി പരീക്ഷാ കേന്ദ്രങ്ങളിൽ നിയോഗിച്ചിട്ടുള്ള അതത് സ്കൂളിൽ നിന്നുള്ള അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെ ഒഴിവാക്കിയും പകരം പരീക്ഷാ മാന്വൽ പ്രകാരം മറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരായി നിയമിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ